FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)
15 MARCH 2019
07 RAJAB 1440 AH

# "ISLAMIC" TERRORISM
## ഇസ്ലാമിക തീവ്രവാദം

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅ വ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ഇസ്ലാമിക തീവ്രവാദം** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുക യുണ്ടായി.

ഇന്ന് എല്ലാവരുടെയും ചുണ്ടുകളിൽ ഈ പറയപ്പെട്ട ഇസ്ലാ മിക് ത്രീവ്രവാദമാണ് പറഞ്ഞു കേൾക്കുന്നത്. ചിലർക്കാവശ്യം ഇസ്ലാ മിനെതിരിലുള്ള അവരുടെ ശത്രുതയുടെ ആഗ്രഹങ്ങൾ പൂർണ്ണമായും തൃപ്തിപ്പെടുത്തിക്കൊടുക്കത്തക്ക നിലയിൽ, പറഞ്ഞു തീർക്കുക എന്നതാണ്. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ചർച്ചവിഷയമാക്കി ഇസ്ലാമിക ഭീകരവാദത്തെ പടിഞ്ഞാറൻ രാജ്യങ്ങളിലെ മീഡിയകൾ ഏറ്റെടുത്തിരിക്കുകയാണ്. എഴുത്തിലൂടെയും പത്രങ്ങളിലൂടെയും ചർച്ചകളിലൂടെയും, ടെലിവിഷൻ മാധ്യമങ്ങളിലൂടെയും പ്രസ്തുത ചർച്ചകൾ കൊഴുപ്പിച്ചു കൊണ്ടിരിക്കുന്നു. ഇസ്ലാമിക തീവ്രവാദത്തെ സ്പർശിക്കാത്ത ഒരു ദിനവും മാധ്യമങ്ങളിലൂടെ ഇന്ന് കടന്നുപോ കുന്നില്ല. ഇസ്ലാമിക ത്രീവ്രവാദത്തെയും മതപരമായ ഭീകരവാദ ത്തെയും സ്പർശിക്കാത്ത ഒരു ദിനവും ഇന്ന് കടന്നുപോകുന്നില്ല. ഇസ്ലാമിക സമൂഹത്തിലും മറ്റിതര സമൂഹങ്ങളിലും ഇതിന്റെ ചർച്ച ഇന്ന് തുടർന്നുകൊണ്ടിരിക്കുകയാണ്. അവർക്ക് ഇസ്ലാമിന്റെ മേലുള്ള ശത്രുത വർദ്ധിപ്പിക്കുക, ഈ മത വിശ്വാസത്തെ അപലപി

ക്കുക, ഇത് ഉൾക്കൊണ്ടിട്ടില്ലാത്തവരിലേക്ക് ഇതിന്റെ മോശം ഇമേജ് പകർന്നു നല്കുക. ഇതാണ് ഇന്നത്തെ മീഡിയകളുടെ പ്രത്യേകമായ അജണ്ട.

ഇതിലേക്കായി, അനേകം സമ്മേളനങ്ങളും, ഡിബേറ്റുകളും , മീറ്റിംഗ്കളും,ലോകവ്യാപകമായി സംഘടിപ്പിക്കുകയാണ്. ഈ പ്രധാന വക്താക്കൾക്കടയിൽ. സാമാന്യബുദ്ധിയെ സ്വാധീനിക്കുവാനുള്ള ശ്രമം തുടർന്നു കൊണ്ടിരിക്കുന്നു. എന്നാൽ ഈ ബധിര സംവാദങ്ങളിലൂടെ, സമാധാനത്തിന്റെയോ, സ്നേഹത്തിന്റെയോ സഹനതയുടെയോ ഒരു മങ്ങിയ പ്രതീക്ഷ പോലും, ചക്രവാളസീമയിൽ തെളിയുന്നില്ല, എന്നത് എത്രയും ദുഃഖകരം തന്നെ.

ഇസ്ലാമിനെ അധിക്ഷേപിക്കുന്നവർ ഈ ശത്രുത കുത്തിവെച്ചു കൊണ്ടിരിക്കുകയാണ്, അവർ സ്വപ്നം കാണുന്നത് മുസ്ലിംകളുടെ കൂട്ടക്കൊലയാണ്. മറുവശത്ത്, ഇസ്ലാമിക്ക് വിപ്ലവമുണ്ടാക്കുന്നവർ, (മുസ്ലിംകളിലെ തീവ്രവാദികൾ) കീഴടങ്ങുവാൻ സന്നദ്ധരല്ല. അവർ സ്വയം സജ്ജരായി ആയുധം കൊണ്ട് മറുപടി പറയുവാൻ തയ്യാറാകുന്നു. ഇതൊക്കെ ബുദ്ധിശൂന്യമായ പ്രവർത്തികളാകുന്നു. ഈ പറയപ്പെടുന്ന ഇസ്ലാമിക് തീവ്രവാദത്തെ കുറിച്ച് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന് എന്താണ് പറയുവാനുള്ളത് എന്ന് ഒരോരുത്തരും ശ്രദ്ധിക്കുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ ലോകം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണല്ലോ ഇത്.

ഇസ്ലാമിക് തീവ്രവാദം എന്നതുകൊണ്ട് അവർ എന്തർത്ഥമാണ്, അതിന് നല്കുന്നത്, എന്നതിൽ, ഞാൻ യഥാർത്ഥത്തിൽ അത്ഭുതപ്പെടുകയാണ്. ഇസ്ലാം എന്നത് ഭീകരവാദമാണ് എന്ന് പറയുന്നത്, പ്രകാശം എന്നുപറയുന്നത് അന്ധകാരമാണ് എന്നു പറയുന്നതു പോലെയാണ്. ജീവിതം എന്നത് മരണമാണ് എന്നുപറയുന്നതു പോലെയാണ് സമാധാനം എന്നു പറയുന്നത് യുദ്ധമാണ് എന്നു പറയുന്നത്. സ്വാഭാവികമായി പറഞ്ഞാൽ അവർ പരസ്പരം ഛേദിക്കുകയാണ്, സമ്പൂർണ്ണമായും എതിർദിശയിലൂടെ! നാം അവരെ

പരസ്പരം മുറുകെ പിടിച്ചിരിക്കുന്നവരായാണ് കാണുന്നത്. എന്നാൽ അവർ സന്തോഷത്തോടെ ഒരുമിച്ച്, കയ്യോടുകൈ ചേർന്ന് ഒരു റോഡിലൂടെ മുന്നേറുന്നവരല്ല. കാര്യം ഇങ്ങനെയാണെങ്കിലും നിഷേധിക്കാനൊക്കാത്ത ഒരു കാര്യമാണ്, അനേകം സന്ദർഭങ്ങളിൽ, മുസ്ലിംകൾ ഭീകര പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ട്, അത് സുശക്തമായ ഒരു മുസ്ലിം വിഭാഗത്തിനുവേണ്ടിയോ, രാജ്യത്തിനു വേണ്ടിയോ ആയിരിക്കാം. എന്നാൽ മറ്റു വിഭാഗങ്ങളും ലോകമെങ്ങും ഭീകരപ്രവർത്തനത്തിലും, വിധ്വംസക പ്രവർത്തനത്തിലും ഉൾപ്പെട്ടിട്ടില്ലേ? സങ്കല്പിക്കുക അതായത് ഈ തത്വം നാം പരിശോധനവിധേയമാക്കിയാൽ, ഇസ്ലാമിക് തീവ്രവാദം ഇതേ പദം മറ്റേതൊരു തീവ്രവാദത്തിനും ഉപയോഗിക്കേണ്ടതല്ലേ? ഉദാഹരണത്തിന്, സിക്ക് ഭീകരവാദം, ഹിന്ദുഭീകരവാദം, ക്രിസ്റ്റ്യൻ തീവ്രവാദം, ജൂദ ഭീകരവാദം, നിരീശ്വര തീവ്രവാദം, ബുദ്ധിസ്റ്റ് തീവ്രവാദം, സർവ്വജീവത്വ തീവ്രവാദം, വിഗ്രഹാരാധന തീവ്രവാദം.

ലോകത്തിന്റെ എല്ലാകോണുകളിലും, ദൗർഭാഗ്യവശാൽ, വളർന്നുകൊണ്ടിരിക്കുന്ന വിവിധതരത്തിലുള്ള തീവ്രവാദങ്ങളെ കണ്ടില്ലാ എന്ന് നടിക്കുവാൻ സാധിക്കുകയില്ല. ഒരു നിരീക്ഷകനെ സംബന്ധിച്ചിടത്തോളം ബോധവാനാകാതിരിക്കുവാൻ സാധ്യമല്ല. അതായത് ലോകത്തു നടക്കുന്ന പീഡനങ്ങൾ, രക്തച്ചൊരിച്ചിലുകൾ, കൊലപാതകങ്ങൾ അത് ഏത് ആദർശത്തിന്റെ പേരിലാണെങ്കിലും ശരി, അഥവാ ഏത് മഹത്തായ ലക്ഷ്യത്തിന്റെ പേരിലായാലും ശരി! തീവ്രവാദം എന്നത് ഒരു ആഗോളപ്രശ്നമാണ്. അതിന് സൂക്ഷ്മ പരിശോധന ആവശ്യമാണ്, അതിന്റെ പ്രത്യാഘാതങ്ങൾ വളരെ വിപുലമാണ്.

ഈ നരഹത്യയ്ക്ക് പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തികളെ നാം തിരിച്ചറിയുന്നില്ലെങ്കിൽ, ചില ലക്ഷ്യങ്ങൾ നേടുന്നതിനായി, ഭീകരവാദത്തിലേക്കും തീവ്രവാദത്തിലേക്കും തിരിയുന്ന ചില മുസ്ലിം ഗ്രൂപ്പുകളെ, രാജ്യങ്ങളെ അവർ എന്തുകൊണ്ടാണ്

ഇങ്ങനെ പ്രവർത്തിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കാതെ വരുന്നതാണ്. എനിക്ക് പൂർണ്ണ ബോധ്യമുണ്ട്, ഇന്ന് നാം ലോകത്തു കാണുന്ന മിക്കവാറും എല്ലാ സാമുദായിക അത്രിക്രമങ്ങളും, അതിന്റെ രൂപം ഏത് രീതിയിലായാലും ശരി അല്ലെങ്കിൽ, അതെവിടെ സംഭവിച്ചാലും ശരി, അതിന്റെ പിന്നിൽ തീർച്ചയായും രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ട്, അതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ അധികാര ദാഹികളായ രാഷ്ട്രീയക്കാരാണ്. അവരുടെ ബാഹ്യവും ആന്തരികവുമായ രാഷ്ട്രീയ താത്പര്യങ്ങൾക്കായി, ജനങ്ങളെ ഭിന്നിപ്പിക്കുന്നു. രാഷ്ട്രങ്ങളെ മുറിച്ചു മാറ്റുന്നു. മതപരമായ ചേരികളിൽ നിർത്തുന്നു. പിരിമുറുക്കങ്ങൾ സൃഷ്ടിക്കുന്നു, യുദ്ധസമാനവസ്ഥ സംജാതമാക്കുന്നു. അങ്ങനെ അവരെ ഭിന്നിപ്പിച്ച് തന്നെ നിർത്തുന്നു. അവർ ഇത് ചെയ്യുന്നതിലൂടെ, അവർക്ക് ജനങ്ങളെ നിസ്സാരമായി കൈകാര്യം ചെയ്യാൻ കഴിയുമെന്ന്, നിയന്ത്രിക്കുവാൻ കഴിയുമെന്ന് കരുതുന്നു. അതിലൂടെ ഒരു വിഭാഗം ജനതയെ അഥവാ ഒരു വിശ്വാസത്തെ തകർത്തെറിയുവാൻ കഴിയുമെന്നും കരുതുന്നു. നിസ്സാരമായി !ഒരു പ്രശ്നവുമില്ലാതെ!

ഉദാഹരണമായി പറഞ്ഞാൽ ഭീകരവാദം ഉണ്ടാകുന്നത് വംശീതയിലൂടെയാകുന്നു. ഇതു സംബന്ധമായി ഒരു വിശകലനം നടത്തിനോക്കിയാൽ, നമുക്ക് മനസ്സിലാകും, രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയുള്ള തന്ത്രങ്ങളാണിതെന്ന് ! മതം ജനിപ്പിക്കുന്ന ചില ചെറിയ ഭീകരവാദ ദൃഷ്ടാന്തങ്ങളും നമുക്ക് കാണുവാൻ സാധിക്കുന്നതാണ്. സാമൂഹ്യ വ്യവസ്ഥയ്ക്കെതിരായുള്ള ശത്രുത ഉണ്ടാക്കുക, നിലവിലുള്ള സംസ്ക്കാരത്തിനെതിരെ ചിന്തിപ്പിക്കുക, ഇവരെ പൊതുവിൽ പറയാവുന്നത് അരാജകത്വവാദികളെന്നോ, ചിത്തഭ്രമമുള്ളവരെന്നോ ആണ്. അധികാരത്തിനു വേണ്ടി പോരാടുന്ന മാഫിയ പോരാട്ടങ്ങളും ഒരു രീതിയിലുള്ള ഭീകരവാദമാകുന്നു. ഒരു സംഘത്തിൽ തന്നെയുള്ളവർ, രണ്ടായി പിരിഞ്ഞ് പരസ്പരം ഏറ്റുമുട്ടുന്ന മാഫിയ സംഘവുമുണ്ട്, അതും തീവ്രവാദരീതി തന്നെ. ശരിക്കും പറഞ്ഞാൽ അധികാര മേൽക്കോയ്മയ്ക്ക്

വേണ്ടിയുള്ള രാഷ്ട്രീയ പോരാട്ടത്തിന്റെ മറ്റൊരുപതിപ്പാണിത്. ഈ പറയപ്പെട്ട ഇസ്ലാമിക ഭീകരവാദത്തെ നാം പരിശോധനാ വിധേയമാക്കുമ്പോൾ നമുക്ക് മനസ്സിലാകും, മതത്തിന്റെ മേല്ക്കി അണിഞ്ഞ രാഷ്ട്രീയ ശക്തികളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്ന്! യഥാർത്ഥ കൃത്രിമപണിചെയ്യുന്നവരും, ചൂഷണം ചെയ്യുന്നവരും, അവർ, മുസ്ലിംകളല്ല എന്ന് മനസ്സിലാകുന്നതാണ്.

കാശ്മീരിലെ പുൽവാമയിൽ ഇൻഡ്യൻ മിലിട്ടറി സംഘത്തിനുനേരെ 2019 ഫെബ്രുവരി 14-ാം തീയതി വ്യാഴാഴ്ച ഉണ്ടായ ചാവേർ ആക്രമണം ഇൻഡ്യയും പാക്കിസ്ഥാനും തമ്മിൽ പിരിമുറുക്കം പുതുതായി സൃഷ്ടിച്ചിരിക്കുകയാണ്. ഈ ആക്രമണത്തിലൂടെ ഇൻഡ്യയിലെ നാല്പത്തി ഒന്ന് ജവാന്മാരുടെ ജീവൻ നഷ്ടപ്പെടുകയുണ്ടായി. തങ്ങളുടെ പാക്കിസ്ഥാൻ അയൽവാസിയെ ഒറ്റപ്പെടുത്തുന്നതിനുള്ള ഡിപ്ളമാറ്റിക് നടപടികൾ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മിലിട്ടറി നടപടിക്കുള്ള തയ്യാറെടുപ്പിലുമാണ് ഇൻഡ്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി, പ്രസ്തുത സംഭവത്തെക്കുറിച്ച് പ്രതികരിച്ചത്, അതൊരു ദേശീയ ദുരന്തമാണെന്നാണ്, 2019 ഫെബ്രുവരി 18 ഞായറാഴ്ച അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. നിങ്ങളുടെ ഹൃദയങ്ങളെ കവർന്ന പ്രസ്തുത അഗ്നി എന്റെ ഹൃദയത്തെയും കവർന്നിരിക്കുകയാണ്, ജനങ്ങൾ തടിച്ചുകൂടിയ ഒരു രാഷ്ട്രീയ യോഗത്തിലാണ് ഈ പ്രസ്താവന നടത്തിയത്, എന്നിട്ട് തറപ്പിച്ച് പറയുകയുണ്ടായി.

ഇൻഡ്യയുടെ രക്തം തിളച്ചുകൊണ്ടിരിക്കുകയാണ്.

സോഷ്യൽ നെറ്റ് വർക്കിലൂടെയും, ഗവർണമെന്റുമായി അടുപ്പമുള്ള ടി.വി. ചാനലുകളും പ്രതികാരത്തിനായി മുറ വിളിക്കൂട്ടി. ഉഗ്രകോപം സോഷ്യൽ നെറ്റ് വർക്കിനെ കീഴ്പ്പെടുത്തി. സമയം നിർണ്ണായകമായിരുന്നു. 2008 നവംബർ മാസത്തിലെ മുംബൈ ഭീകരാക്രമണത്തിൽ 174 പേർ മരണപ്പെടുകയുണ്ടായി. അതിനും ശേഷമുണ്ടായ ഏറ്റവും വലിയ വൈകാരികാവസ്ഥയായിരുന്നു ഇത്.

രാഷ്ട്രീയ ഭാവിയെ സംബന്ധിച്ചിടത്തോളം ഈ നിമിഷം വളരെ നിർണ്ണായകവുമായിരിക്കുന്നു. ഏപ്രീൽ മെയ് മാസങ്ങളിൽ തെരഞ്ഞെടുപ്പു വരികയാണ്. രണ്ടു രാജ്യങ്ങളും അവരവരുടെ അംബസഡർമാരെ, കൂടി ആലോചനയ്ക്കായി തിരികെ വിളിച്ചു ഇസ്ലാമിക് തീവ്രവാദ ഗ്രൂപ്പിൽപ്പെട്ട ജയ്ഷെ മുഹമ്മദിന് സ്ഥലവും സൗകര്യവും നല്കുന്നതിനെ ഡൽഹി പാക്കിസ്ഥാനെ കുറ്റപ്പെടുത്തി.

2014 ഫെബ്രുവരി 14ലെ ആക്രമണത്തിന്റെ ഉത്തരവാദിത്വം അവർ ഏറ്റെടുക്കുകയുണ്ടായി. ഇൻഡ്യയ്ക്കെതിരിലുള്ള പാക്കിസ്ഥാന്റെ യുദ്ധത്തിന് പകരക്കാരനായി ജയ്ഷെ മുഹമ്മദിനെ ഉപയോഗിക്കുകയാണ് എന്ന് ആരോപിക്കുകയുണ്ടായി. പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇംറാൻ ഖാൻ പറയുകയുണ്ടായി ബോംബിംഗ് കാര്യത്തിൽ ഇൻഡ്യയുമായി സഹകരിക്കുവാൻ തയ്യാറാണ്. തന്റെ രാജ്യത്തെ ഇതിന്റെ പേരിൽ ആക്രമിച്ചാൽ തിരിച്ചടിക്കും. കാർ ബോംബിഗിന് ഉപയോഗിച്ച 350 കിലോ സ്ഫോടകവസ്തുക്കൾ പാക്കിസ്ഥാനിൽ നിന്നു കൊണ്ടുവന്നതാണോ അല്ലയോ എന്ന കാര്യത്തിൽ അന്വേഷകർ ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണ്.

എനിക്ക് വായനയിലൂടെ മനസ്സിലായിട്ടുള്ള ഒരു കാര്യം അതായത് പാക്കിസ്ഥാനും ഇൻഡ്യയും തമ്മിൽ കാശ്മീരിന്റെ പേരിൽ എല്ലായ്പ്പോഴും തർക്കത്തിൽ തന്നെയാണ്. അതുകൊണ്ടു തന്നെ ഇൻഡ്യയുടെ അധീനതയിലുള്ള കാശ്മീരിൽ എന്തെങ്കിലും സംഭവിച്ചാൽ പാക്കിസ്ഥാനെ കുറ്റപ്പെടുത്തുന്നു. കാശ്മീരിനെ ശരിയായ നിലയിൽ കൈകാര്യം ചെയ്യാൻ കഴിയാത്ത ഇൻഡ്യയുടെ ബലി മൃഗമായി മാറിയിരിക്കുകയാണ് പാക്കിസ്ഥാൻ എന്നു തോന്നുന്നു. എന്റെ പോയിന്റ് ഇതാണ്, അതായത് ഇൻഡ്യ പാക്കിസ്ഥാനെ ലക്ഷ്യം വെയ്ക്കുന്നു. തർക്കങ്ങൾ പരിഹരിക്കാനുള്ള യഥാർത്ഥമായ താത്പര്യം ഇൻഡ്യയ്ക്കില്ല. അധീന കാശ്മീരിൽ സംഭവിക്കുന്ന എല്ലാത്തിനും പാക്കിസ്ഥാനെ കുറ്റപ്പെടുത്തുവാനാണ് ഇൻഡ്യ ശ്രമിക്കുന്നത്. ഇൻഡ്യാ ഗവൺമെന്റ് പറയുന്നത്, അധീന

കാശ്മീരിൽ സംഭവിക്കുന്ന എല്ലാ അനുഷ്ടസ കാര്യങ്ങളും ബാഹ്യ ശക്തികളുടെ ഇടപെടൽ മൂലമാണ്. (അല്ലാതെ ഇൻഡ്യയുടെ തെറ്റു മൂലമല്ല)

എനിക്ക് പറയുവാനുള്ളത്, ഈ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള ഈ തർക്കം ഒഴിവാക്കേണ്ടതാണ്. പുൽവാമ ആക്രമണത്തിനു ശേഷം, ഇൻഡ്യാ ഗവൺമെന്റ് സമയമെടുത്തു ഇതു സംബന്ധ മായ എല്ലാ തെളിവുകളും ശേഖരിക്കട്ടെ എന്നിട്ട് ഇൻഡ്യൻ ജന തയെ സത്യമായ കാര്യം ധരിപ്പിക്കട്ടെ! ലോകജനതയെയും ബോധ്യ പ്പെടുത്തട്ടെ. ഇത് അതിർത്തിയിലുള്ള ഒരു സംഘം ആളുകളുടെ പ്രവർത്തനങ്ങളാണ്. അവർ ഈ ആക്രമണം നടത്തുന്നവരോ ടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നവരാണ്. അവർ തീർച്ചയായും പാക്കിസ്ഥാനികളല്ല. അവർ ഇൻഡ്യാക്കാർ തന്നെയാണ് എന്നതും അദ്ദേഹം വ്യക്തമാക്കേണ്ടതാണ്. അതുമാത്രമല്ല, ഈ ആക്രമണം നടത്തിയ ഒരാൾ, ഇത് ആരംഭിക്കുന്നതിനു മുൻപ് ഒരു വിഡീയോ പുറത്തുവിടുകയുണ്ടായി. ഞാൻ അതിൽ നിന്നും മനസ്സിലാക്കി യത്, ഇത് സംബന്ധമായി പഠനം നടത്തിയതിൽ നിന്നും എനിക്കു ബോധ്യമായത് ആരാണ് ഈ ആളുകൾ എന്ന് നമുക്കറിയുവാൻ സാധിക്കും എന്നാണ് ! ഇൻഡ്യ ആവശ്യപ്പെടുന്നു, വാദിക്കുന്നു അവരുമായി ഇൻഡ്യയ്ക്ക് യാതൊരു ബന്ധവുമില്ലെന്ന്! ഈ കാര്യ ത്തിൽ ഇൻഡ്യാ ഗവൺമെന്റ് മുന്നോട്ടു വന്ന് അത് തെളിയിക്കട്ടെ!

സത്യത്തിൽ ഞങ്ങൾ ഖേദിക്കുകയാണ്. അതായത് ആക്രമണ ത്തിന് ശേഷം പാക്കിസ്ഥാന്റെ സ്ഥലത്തേക്ക് 2 ഫൈറ്റർ ജറ്റുകൾ ഇൻഡ്യാ ഗവൺമെന്റ്, കൂടുതൽ ആലോചനയില്ലാതെ, അയയ്ക്കു കയുണ്ടായി. ഞാൻ മനസ്സിലാക്കിയതിൽ നിന്നും പറയുകയാണ്, ഇത്തരം നടപടിക്രമം ഇതിന് മുൻപ് ഉണ്ടായിട്ടില്ല.

ഞാൻ ആഗ്രഹിക്കുന്നത്, സമാധാനം ആഗ്രഹിക്കുന്ന എല്ലാ വരും ആഗ്രഹിക്കുന്നത്, ഇൻഡ്യയും പാക്കിസ്ഥാനും ഒരുധാരണ

യിലെത്തിച്ചേരേണ്ടതാണ്. എന്നിട്ട് സമാധാനത്തോടെ ജീവിക്കേണ്ടതാണ്. ഓരോരുത്തരുടെയും അവകാശങ്ങളെ പരസ്പരം ആദരിച്ചും പര്സപരമുള്ള പ്രദേശങ്ങൾ കാത്തുസൂക്ഷിച്ചും സൗഹാർദ്ദത്തിൽ കഴിയുക. ഒരു വ്യക്തിയുടെയോ ഒരു സംഘം ആളുകളുടെയോ തെറ്റായ പ്രവർത്തിമൂലം ഒരു ഗവൺമെന്റിനെ കുറ്റപ്പെടുത്താവതല്ല. ആയതിനാൽ ഇൻഡ്യാപാക്കിസ്ഥാൻ തർക്കം ഇല്ലായ്മ ചെയ്യാൻ, അവർ പരസ്പരം സൗഹാർദ്ദ പൂർണ്ണമായ ബന്ധം പുനഃസ്ഥാപിക്കേണ്ടതു തന്നെയാണ്.

ഈ രണ്ടു രാജ്യങ്ങളെയും പഠന വിധേയമാക്കുമ്പോൾ, നിങ്ങൾക്ക് മനസ്സിലാകും ഇൻഡ്യയും പാക്കിസ്ഥാനും ഒരേ നിലയിൽ സാമ്പത്തിക വളർച്ച നേടിയിട്ടുണ്ടെന്ന്. ഇരു രാജ്യങ്ങളും തങ്ങളുടെ ജനതയുടെ ഭൗതികസാഹചര്യങ്ങളും ജീവിതനിലവാരവും ഉയർത്തുന്നതിനായി കഠിനമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നു നിങ്ങൾക്ക് ബോധ്യമാകും.

ഈ രണ്ടു രാജ്യങ്ങൾക്കിടയിലുള്ള സാമാന്യനില ഇതാകുന്നു. പുരോഗതിക്ക് ഹാനിയുണ്ടാക്കുന്നതിനായി ഉണ്ടാക്കുന്ന ഇത്തരം തർക്കങ്ങൾ വഴക്കുകൾ നിലനില്ക്കുന്നത്, സാധാരണനിലയിലാക്കേണ്ടത് അനിവാര്യമാണ്.

വ്യക്തിപരമായി, ഈ നൂറ്റാണ്ടിലെ ഖലീഫത്തുല്ലാഹ്! എന്ന നിലയിൽ ഈ സാഹചര്യത്തെ ശരിയായ നിലയിൽ വിലയിരുത്തേണ്ടതും വിധി കല്പിക്കേണ്ടതുമാകുന്നു. ഈ അവസ്ഥയിൽ ഈ കാര്യം കൊണ്ടെത്തിച്ചത് ഇൻഡ്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ്. മറ്റു ആളുകളെയോ മറ്റു രാജ്യങ്ങളെയോ ഇതിന് പഴിയാക്കുവാൻ സാധിക്കുകയില്ല.

പാക്കിസ്ഥാനെ സംബന്ധിച്ചിടത്തോളം, പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇംറാൻഖാൻ, പാക്കിസ്ഥാനിൽ നിലനില്ക്കുന്ന പ്രശ്നം എന്താണെന്ന് മനസ്സിലാക്കണം. ഒരാളിന്റെ വിശ്വാസം തിരഞ്ഞെടുക്കുവാനുള്ള അവകാശം ഒരോ വ്യക്തിക്കുമുണ്ട്. വിശ്വാസം മറ്റൊ

രാളുടെ മേൽ അടിച്ചേല്പിക്കാനുള്ളതല്ല. സ്വാതന്ത്ര്യത്തോടെയും, സഹനതയോടെയും, സമാധാനത്തോടെയും തങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കുന്നതിന് ഓരോരോവ്യക്തിക്കും അവകാശമുണ്ട്യിരിക്കണം. മുല്ലാക്കൾപോലുള്ള ഉപശാലകൾ, രാജ്യത്ത് കുഴപ്പമുണ്ടാക്കാൻ അനുവദിക്കരുത്. മറ്റൊരാളേയോ, മറ്റു ഗ്രൂപ്പുകളെയോ, മുസ്ലിംകൾ അല്ല എന്ന് പ്രഖ്യാപിക്കുവാനുള്ള അനുവാദം ഉണ്ടാകരുത്. ആരാണവർ ഇത് പ്രഖ്യാപിക്കുവാൻ?

ഒരു വ്യക്തിയുടെ വിശ്വാസത്തെ സംബന്ധിച്ച് വിധി പറയുവാൻ നമുക്കാർക്കും അവകാശമില്ല. ഈ അവകാശം കുടികൊള്ളുന്നത് സർവ്വശക്തനായ അല്ലാഹുവിന് മാത്രമാകുന്നു. 1974, മുതൽ അവർ അവിടെ നിയമം പാസ്സാക്കിയിരിക്കുന്നു. അതായത് അഹ്മദി മുസ്ലിംങ്ങൾ മുസ്ലിംകൾ അല്ല എന്ന് അവർ പ്രഖ്യാപിച്ചിരിക്കുന്നു. അവർ ശരീഅത്ത് നിയമത്തിന്റെ പരിധികൾ അതിലംഘിച്ചിരിക്കുന്നു. ശരീഅത്ത് ഒരാൾക്ക് തന്റെ വിശ്വാസം തെരഞ്ഞെടുക്കുവാനുള്ള സ്വതന്ത്രാധികാരം നല്കിയിരിക്കെ, മറ്റുള്ളവരുടെ വിശ്വാസത്തിനുമേൽ വിധിപറയുവാൻ അവർ ധൈര്യപ്പെട്ടിരിക്കുന്നു. അവർ വർഷങ്ങളായി അത്യുച്ചത്തിൽ പറഞ്ഞുകൊണ്ടിരിക്കുന്നു. അവർ സുവ്യക്തമാക്കിയിരിക്കുന്നു. അവർ മുസ്ലിംകൾ ആണെന്ന്! അവർ ദൃഢമായി ഇസ്ലാമിക് ശഹാദയിൽ അവർ ശക്തമായി വിശ്വസിക്കുന്നവരാണെന്ന് പറയുന്നു

ല ഇലഹ ഇല്ലല്ലാഹു മുഹമ്മദുൻ റസൂലുല്ലാഹ്

പാക്കിസ്ഥാൻ രൂപകൃതമായത്, അഹ്മദീ മുസ്ലിംകളുടെ സജീവസഹകരണത്തോടെയാണ്, പാക്കിസ്ഥാൻ രൂപികരണത്തിനു ശേഷം വളരെ നിന്ദ്യമായ, ഇസ്ലാമിന് നിരക്കാത്ത രീതികൾ, അവർക്കെതിരെ കുറ്റകരമായി അവർ പ്രവർത്തിക്കുകയുണ്ടായി. ഇസ്ലാമിക ആരാധനക്രമങ്ങൾ ആചരിക്കുന്നതിനെതിരെ, അവരെ സമ്മർദ്ദത്തിലൂടെ വിലക്കുകയുണ്ടായി. സമാധാനത്തോടെ അവരെ ജീവിക്കുവാൻ അനുവദിച്ചില്ല. അല്ലാഹു(ത) കണ്ണുകാ

ണാത്തവനോ, ചെവികേൾക്കാൻ കഴിയാത്തവനോ അല്ല. അവൻ തീർച്ചയായും അവന്റെ ദാസന്മാരുടെ കണ്ണുനീരും, പ്രാർത്ഥനയും കാണുന്നവനും, കേൾക്കുന്നവനുമാകുന്നു. അത് സുന്നി ആകട്ടെ, അഹ്മദി ആകട്ടെ, അല്ലെങ്കിൽ മറ്റേതെങ്കിലും മുസ്ലിം വിഭാഗമാകട്ടെ, ഇന്ന് പാക്കിസ്ഥാൻ സമാധാനത്തോടെ കഴിയുന്നില്ലെങ്കിൽ അതിന്റെ കാരണം അവർ കാണിച്ച അനീതിയാണ്, അവർ അവരുടെ തന്നെ ആളുകളോട് കാണിച്ച കുറ്റകരമായ അക്രമമാണ് വിശിഷ്യാ അഹ്മദീ മുസ്ലിംകളോട്, അതുപോലെ ഇസ്ലാമിലെ മറ്റു വിഭാഗങ്ങളിലെ ന്യൂനപക്ഷങ്ങളോടു കാട്ടിയ അക്രമം! ഓരോരുത്തർക്കും ഈ ലോകത്ത് ഒരു സ്ഥാനമുണ്ട്. ഇസ്ലാമിൽ അനുവദിക്കപ്പെട്ട പരിധി ആരെങ്കിലും അതിലംഘിച്ചാൽ അല്ലാഹു(ത) അവൻ തന്നെയാണ് അങ്ങനെയുള്ളവരെ ശിക്ഷിക്കുന്നത്. പ്രസ്തുത ശിക്ഷ മനുഷ്യന്റെ പരിധിയിൽപെടുന്നതല്ല. (വിശിഷ്യാ വിശ്വാസത്തിന്റെ കാര്യത്തിൽ) കാരണം അല്ലാഹു(ത)യിൽ നിന്നു ജനങ്ങളുടെ വിശ്വാസ കാര്യത്തിൽ വിധി കല്പിക്കുവാൻ, അവന് അനുവാദ സന്ദേശമൊന്നും ലഭിക്കുന്നില്ല.

അല്ലെയോ ! പാക്കിസ്ഥാൻ ! നിങ്ങൾ പറയുന്നതുപോലെ അഹ്മദി മുസ്ലിംകൾ, മുസ്ലിംകൾ അല്ലെങ്കിൽ, അവരെ അവരുടെ വഴിയിൽ  വിടുക. അവരോട് എന്താണ് ചെയ്യേണ്ടതെന്ന് അല്ലാഹുവിനറിയാം! അതുകൊണ്ടാണ് അല്ലാഹു(ത) അവന്റെ ഖലീഫയെ  ഈ നൂറ്റാണ്ടിൽ എഴുന്നേല്പിച്ചത്. അവന്റെ അംഗീകാരത്തിനു വിധേയമായി ഒരു ജമാഅത്തുമായി ! ഇസ്ലാമിന്റെ അധ്യാപനങ്ങളെ നവീകരിക്കുവാൻ ! പരിഷ്ക്കരിക്കുവാൻ ! ശുദ്ധീകരിക്കുവാൻ! അതിലൂടെ അവർ ഓരോരുത്തർക്കും ഓരോ അവസരം നല്കുകയാണ് അത് നിങ്ങൾക്കു പോലും! ആയതിനാൽ കഴിഞ്ഞ കാലവർഷങ്ങളിലെ തെറ്റുകൾ തെരുത്തി നിങ്ങൾ സ്വയം സംസ്ക്കരിക്കുക. സമയം നഷ്ടപ്പെടുത്തരുത്. അഹ്മദി മുസ്ലിംകൾക്ക് അവരുടെ അവകാശങ്ങൾ തിരികെ നല്കുക അവരുടെ പൗരാവകാശ

ങ്ങളും ഇസ്ലാമികാവകാശങ്ങളും തിരിച്ചു നല്കുക.സമാധാനത്തോടുകൂടി അവരുടെ ഇസ്ലാമിക ചര്യ പിന്തുടരുവാൻ അവരെ അനുവദിക്കുക. നിങ്ങളുടെ ആളുകൾ സമാധാനത്തോടെ കഴിയുകയാണെങ്കിൽ, അപ്പോൾ അല്ലാഹു(ത) നിങ്ങൾക്കായി അവന്റെ മോക്ഷത്തിന്റെ വാതിൽ തുറക്കുന്നതാണ്.

അസാധാരണമായ സമാധാനം നിങ്ങൾക്കായി അവൻ പ്രദാനം ചെയ്യുന്നതാണ്. അപ്പോൾ അല്ലാഹുവിന്റെ തീരുമാനം ഐക്യത്തിന്റെയും, സഹവർത്തിത്വത്തിന്റെയും തീരുമാനം നിങ്ങളുടെ മേൽ ഉണ്ടാകും.അങ്ങനെ നിങ്ങൾക്ക് ഇൻഡ്യയുമായും മറ്റുരാജ്യങ്ങളുമായും സ്നേഹത്തോടെ കഴിയാവുന്നതാണ്. നിങ്ങളുടെ രാജ്യത്തുള്ളവരോട് നിങ്ങൾ നല്ലനിലയിൽ പെരുമാറുക. നിങ്ങളുടെ രാഷ്ട്രീയം നല്ലനിലയിൽ ആയിരിക്കട്ടെ. ജനങ്ങളുടെ വിശ്വാസത്തിന്റെ മേൽ നിങ്ങൾ കൈകടത്തരുത്. കാരണം നിങ്ങൾ ഒരു ഇസ്ലാമിക രാഷ്ട്രമല്ല. നിങ്ങൾ പറയുന്നതുപോലെ നിങ്ങൾ യഥാർത്ഥമായ ഒരു ഇസ്ലാമിക രാഷ്ട്രമായിരുന്നെങ്കിൽ നിങ്ങൾ ഹസ്രത് മുഹമ്മദ് മുസ്തഫ(സ) അറേബ്യയിൽ ഭരണം നടത്തിയതുപോലെ നിങ്ങൾ ഒരു ഭരണം നടത്തുമായിരുന്നു. ഇസ്ലാം മതം സ്വീകരിക്കുവാൻ ഒരാളെയും നിർബന്ധിക്കാതെ ഭരണം നടത്തുമായിരുന്നു. അദ്ദേഹത്തിന്റെ രാഷ്ട്രീയം യഥാർത്ഥ രാഷ്ട്രീയമായിരുന്നു. അദ്ദേഹത്തിന്റെ അറേബ്യയിലെ ഭരണനിർവ്വഹണം യഥാർത്ഥ ഭരണനിർവ്വണമായിരുന്നു. അവിടെ ഓരോരുത്തർക്കും അവരവരുടെ അവകാശം വെച്ചുപുലർത്തുവാനുള്ള അവകാശമുണ്ടായിരുന്നു.

ഇപ്പോൾ ദൗർഭാഗ്യവശാൽ, നിങ്ങൾ നിങ്ങളുടെ സഹോദരീസഹോദരന്മാർക്കും, മുസ്ലിംകുട്ടികൾക്കും എതിരായാണ് പോരാടികൊണ്ടിരിക്കുന്നത്. തീർച്ചയായും ഇത് നല്ല കാര്യമല്ല. അനീതി തേർവാഴ്ച നടത്തുന്ന ഒരു പ്രദേശത്തെയും അല്ലാഹു(ത) അംഗീകരിക്കില്ല. നിങ്ങളെ സംബന്ധിച്ചിടത്തോളം സമയം അതിക്രമിക്കുന്നതിന് മുൻപ്, നിങ്ങൾ ഉണർന്നെഴുന്നേല്ക്കുക. മോദി ആഗ്രഹി

ക്കുന്നത് ഭാരതം മൊത്തത്തിൽ ഒരു ഹിന്ദുരാഷ്ട്രം ആകണമെന്നാണ്. നമ്മുടെ മുസ്ലിം സഹോദരന്മാരും, സഹോദരിമാരും അവരുടെ വിശ്വാസത്തിന്റെ പേരിൽ ഏറ്റവും മോശമായ അനന്തരഫലം അനുഭവിക്കുന്നതിനെ പറ്റി നിങ്ങൾക്കെന്താണ് പറയാനുള്ളത്? നിങ്ങൾ ഇന്ന് കാണുന്നില്ലേ? നമ്മുടെ ഇസ്ലാമിനെ വിശേഷിപ്പിക്കുന്നത് ഭീകരവാദം എന്നാണ്. പലിസ്തീനിലെ നമ്മടെ സഹോദരീ സഹോദന്മാരെ കുട്ടികളെ എന്തിനേറെ ഇന്ന് റോയിൻഗ്യാസ് മുസ്ലിംകളെ ഇവരൊക്കെ എത്രമാത്രം പീഡനങ്ങളാണ് ഏറ്റുവാങ്ങുന്നത്? ഇതൊന്നും നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങളുടെ മനസ്സിലെന്താണ് ഇത്? ഈ പറഞ്ഞൊക്കെ വളരെ ചെറിയ ഉദാഹരണങ്ങൾ മാത്രമാണ്. ഇനിയും എത്രയോ കൂടുതൽ പറയാൻ കിടക്കുന്നു.

അല്ലയോ മുസ്ലിംകളെ ! ഉണരൂ! അല്ലാഹുവിനുവേണ്ടിയും പരിശുദ്ധ പ്രവാചകൻമുഹമ്മദ് (സ)നു വേണ്ടിയും നാം ഒരുമിച്ചു ചേരേണ്ടതാണ്. സമയം ഇതുതന്നെയാണ്. എല്ലാ അനിസ്ലാമിക ചര്യകളെയും വലിച്ചെറിയുക. നിങ്ങൾ ഒരുമിച്ചു സ്വയം മുന്നേറുക. നീതിപൂർവ്വം വർത്തിക്കുക. നിങ്ങളോടൊപ്പം നിങ്ങൾ അല്ലാഹുവിനെ കണ്ടെത്തുക തന്നെ ചെയ്യും. നിയമവിധേയമായ എല്ലാ കാര്യങ്ങൾക്കും അവൻ നിങ്ങൾക്ക് പിന്തുണയേകും, നിങ്ങൾ ഒരനീതിയെ അഭിമുഖീകരിക്കുകയാണെങ്കിൽ, അവൻ നിങ്ങളുടെ സഹായത്തിനെത്തിച്ചേരും. എന്നാൽ നിങ്ങൾക്ക് ഇസ്ലാമിൽ അങ്ങേഅറ്റം, ആത്മാർത്ഥതയുള്ളവരായിരിക്കണം. ഇസ്ലാം നമ്മുടെ മതമാകുന്നു. ഇസ്ലാം അതുമാത്രമാണ് നമുക്ക് യഥാർത്ഥ ജീവിതം നല്കുന്നത്. അധികം താമസിക്കുന്നതിനു മുമ്പായി നിങ്ങൾ നിങ്ങളെ സ്വയം സംസ്ക്കരിക്കുക. അല്ലാത്തപക്ഷം രക്തചൊരിച്ചിലും യുദ്ധങ്ങളും ഉണ്ടാകുന്നതാണ്. അനേകം ജീവഹാനിയും ഉണ്ടാകുന്നതാണ്. നിങ്ങളുടെ ജീവിതം നിങ്ങൾ അല്ലാഹുവിൽ സുരക്ഷിതമാക്കുക. നിങ്ങളുടെ ജീവിതം അവനിൽ ഭരമേല്പിക്കുക. നിങ്ങൾ

നീതിമാനായിരിക്കുക. വിശ്വസ്തനായിരിക്കുക, നിങ്ങളുടെ മുസ്ലിം സഹോദരീ സഹോദരന്മാരോട് ആത്മാർത്ഥതയുള്ളവരായിരിക്കുക. അവരുടെ വിശ്വാസത്തെ പറ്റിയുള്ള വിധി നിങ്ങൾ നടത്തരുത്. നല്ലവരായിരിക്കുക, ദയവുള്ളവരായിരിക്കുക, മറ്റുള്ള വിശ്വാസങ്ങൾ വെച്ച് പുലർത്തുന്നവരോട് ദയയുള്ളവരായിരിക്കുക. ദയയും അനുകമ്പയും മാനവികതയുടെ അടയാളങ്ങളാണ്. ഇവ രണ്ടും ദൈവം മനുഷ്യനോടൊപ്പം സൃഷ്ടിച്ചതാണ്. അതുകൊണ്ട് മറ്റുള്ളവരോട് അനുകമ്പ കാണിക്കുക. അപ്പോൾ ദൈവം നിങ്ങളുടെ മേലും അനുകമ്പ കാണിക്കും. തീവ്രവാദത്തിനെതിരിൽ പോരാടുക. മറ്റുള്ളവരേയും തീവ്രവാദത്തിനെതിരിൽ പോരാടുവാൻ സഹായിക്കുക. കാരണം തീവ്രവാദത്തിന് വിശ്വാസവുമില്ല. നിയമവുമില്ല, തീവ്രവാദം അതിന്റെ പാതയിലുള്ള എല്ലാത്തിനെയും നശിപ്പിക്കുന്നു.

ഇസ്ലാമിനെ പുനർ നിർമ്മിക്കുവാൻ അല്ലാഹു(ത) നമ്മെ സഹായിക്കട്ടെ. എല്ലാ നിലയിലും നന്മകൾ വിളയിക്കുന്ന ഇസ്ലാം, ജീവിതം നന്മയിലായിതീരുന്ന ഇസ്ലാം, സഹനതയുടെ ഇസ്ലാം, അത് നമ്മുടെ ഹൃദയത്തോട് എന്നെന്നും ചേർന്നു നിലക്കട്ടെ! ഇൻശാ അല്ലാഹ് ! ആമീൻ. എല്ലാ രീതിയിലുള്ള ഭീകരവാദത്തിനെതിരിലും പോരാടുവാൻ അല്ലാഹു(ത) നമ്മെ സഹായിക്കട്ടെ! ഇസ്ലാമിന്റെ പേരും മഹത്വവും സംരക്ഷിക്കട്ടെ! തെറ്റായതും അതിപരുഷവുമായ കുറ്റാരോപണങ്ങളിൽ നിന്നും ഇസ്ലാമിനെ സംരക്ഷിക്കട്ടെ ഇൻശാ അല്ലാഹ് ആമീൻ

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*